കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - തൊഴിൽ വകുപ്പിലെ ക്ലാർക്കായ ശ്രീമതി. ഷൈനിമോൾ മുണ്ടശ്ശേരിയെ മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.554/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 07.03.2019.**

പരാമർശം: 1) സ.ഉ(സാധാ) നം.128/2019/തൊഴിൽ തീയതി. 29.01.2019

2) സ.ഉ.(സാധാ) നം.388/2019/തസ്വഭവ തീയതി, 23.02.2019.

3) വണ്ടൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ 28.02.2019 ലെ എ1-467/15 നമ്പർ കത്ത്

4) ഗ്രാമവികസന കമ്മീഷണറുടെ 28.02.2019 ലെ 207/എസ്റ്റാ.സി4/19/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം പുനർവിന്യാസം മുഖേന കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തിരുന്ന തൊഴിൽ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഗോപാലകൃഷ്ണൻ വി.പി.-യെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം അതേവകുപ്പിലെ ക്ലാർക്കായ ശ്രീമതി.ഷൈനിമോൾ മുണ്ടശ്ശേരിയെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചുകൊണ്ടും ഉത്തരവായിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോപാലകൃഷ്ണൻ വി.പി.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ശ്രീമതി. ഷൈനിമോൾ മുണ്ടശ്ശേരി പുനർവിന്യസിക്കുന്നതിനായി ഓപ്ഷൻ സമർപ്പിച്ച മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്കിൽ പുനർവിന്യാസ ഒഴിവുള്ളതായി പരാമർശം (3) പ്രകാരം വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണറും റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തൊഴിൽ വകുപ്പിലെ ക്ലാർക്കായ ശ്രീമതി.. ഷൈനിമോൾ മുണ്ടശ്ശേരിയെ മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വണ്ടൂർ, മലപ്പുറം
ശ്രീമതി ഷൈനിമോൾ മുണ്ടശ്ശേരി, തൊഴിൽ വകുപ്പ് (വകുപ്പ് മേധാവി മുഖേന)
തൊഴിൽ വകുപ്പ്
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ